പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*122

02.07.2015 ൽ മറുപടിയ്ക്ക്

## റബ്ബർ സംഭരണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ഇ.പി. ജയരാജൻ<br>ശ്രീ. കെ.കെ.ജയചന്ദ്രൻ<br>ശ്രീ. കെ. സുരേഷ് കുറുപ്പ്<br>ശ്രീ. സാജു പോൾ | ശ്രീ.കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ വിവിധ ഘട്ടങ്ങളിലായി പ്രഖ്യാപിച്ചിട്ടുള്ള റബ്ബർ സംഭരണ നടപടികളുടെ വിശദാംശങ്ങൾ നൽകാമോ ; | (എ) സ്വാഭാവിക റബ്ബറിന്റെ വില താഴ്ന്ന നിന്ന സാഹചര്യത്തിൽ സർക്കാർ ഉത്തരവ് നമ്പർ 56/2014/കൃഷി തീയതി 25.02.2014 പ്രകാരം റബ്ബർ ബോർഡിന്റെ കോട്ടയം വിപണിയുടെ ദൈനംദിന വിപണി വിലയിൽ നിന്നും കിലോയ്ക്ക് 2 രൂപ കൂടുതൽ നൽകി ആർ.എസ്.എസ്. 4 ഗ്രേഡിലുള്ള റബ്ബർ കർഷകരിൽ നിന്നും സംഭരണ ഏജൻസികളായ റബ്ബർമാർക്കും മാർക്കറ്റ് ഫെഡും സംഭരിച്ചിട്ടുണ്ട്. തുടർന്ന് സർക്കാർ ഉത്തരവ് (എം.എസ്) നം.232/2014/കൃഷി തീയതി 13.10.2014 പ്രകാരം ആർ.എസ്.എസ്.5 ഗ്രേഡിലുള്ള റബ്ബറും കർഷകരിൽ നിന്നും സംഭരണം ആരംഭിച്ചു. സ.ഉ(എം.എസ്) നം.254/2014/കൃഷി തീയതി 06.11.2014 പ്രകാരം കർഷകരിൽ നിന്നും, റബ്ബർ ബോർഡിന്റെ കോട്ടയം വിപണിയുടെ ദൈനംദിന വിപണി വിലയിൽ നിന്നും കിലോയ്ക്ക് 5 രൂപ കൂടുതൽ നൽകി ആർ.എസ്.എസ്4, ആർ.എസ്.എസ്.5 ഗ്രേഡിലുള്ള റബ്ബർ സംഭരണം നടത്തുന്നു. |
| (ബി) സംഭരണ പദ്ധതികളുടെ പ്രഖ്യാപിത ലക്ഷ്യം നേടാനായോയെന്ന് വിശദമാക്കാമോ ; ഇത് സംബന്ധിച്ച് കണക്കുകൾ ലഭ്യമാക്കുമോ ; | (ബി) സ്വാഭാവിക റബ്ബറിന്റെ വില താഴ്ന്ന നിന്ന സാഹചര്യത്തിൽ റബ്ബർ കർഷകർ നേരിടുന്ന പ്രതിസന്ധികൾ തരണം ചെയ്യുന്നതിലേക്കായി റബ്ബർ സംഭരണം നടത്തി കർഷകരെ പരമാവധി സഹായിക്കുന്നതിനാണ് സംഭരണ പദ്ധതി ലക്ഷ്യമിട്ടിരുന്നത്. |

| | |
|---|---|
| | റബ്ബർ സംഭരണ പദ്ധതിയിലൂടെ ഒരു പരിധിവരെ റബ്ബർ കർഷർക്ക് വർദ്ധിച്ച വില ലഭിക്കാൻ കഴിഞ്ഞിട്ടുണ്ട്. 2014 ഡിസംബർ മാസം വരെ 1227.32 ടൺ റബ്ബർ, റബ്ബർമാർക്കും, മാർക്കറ്റ് ഫെഡും സംഭരിച്ചിട്ടുണ്ട്. |
| (സി) സർക്കാരിന്റെ നിലവിലുള്ള സംഭരണ നടപടികളിലൂടെ റബ്ബർ വില എത്രത്തോളം പിടിച്ചു നിർത്താൻ കഴിയുമെന്ന് അറിയിക്കുമോ ; | (സി) നിലവിലുള്ള റബ്ബർ സംഭരണ പദ്ധതി പ്രകാരം, റബ്ബറിന്റെ വിപണി വില കിലോ ഗ്രാമിന് 171 രൂപയാകുന്നതുവരെ സംഭരണം തുടരുന്നതാണ്. |
| (ഡി) റബ്ബർ സംഭരണ പദ്ധതികൾക്കായി ഈ സർക്കാർ ഇതുവരെ എന്തു തുക ചെലവഴിച്ചിട്ടുണ്ടെന്നറിയിക്കാമോ ? | (ഡി) റബ്ബർ സംഭരിക്കുന്നതിന് സംഭരണ ഏജൻസികൾക്ക് കൈകാര്യച്ചെലവ് നൽകുന്നതിനായി കൃഷി വകുപ്പിന്റെ വിഹിതമായ 4 കോടി രൂപ വില സ്ഥിരതയ്ക്ക് വേണ്ടി വിപണി ഇടപെടൽ പദ്ധതി പ്രകാരം 2013-14 ൽ സഹകരണ സംഘം രജിസ്ട്രാർക്ക് നൽകിയിട്ടുണ്ട്. 2014-15 ൽ റബ്ബർ സംഭരണം ഊർജിതപ്പെടുത്തുന്നതിനായി കൃഷി വകുപ്പിന്റെ വിലസ്ഥിരതയ്ക്കുവേണ്ടി വിപണി ഇടപെടൽ പദ്ധതി പ്രകാരം 6 കോടി രൂപ വീതം റബ്ബർ മാർക്കിനും മാർക്കറ്റ് ഫെഡിനും അനുവദിച്ചു നൽകിയിട്ടുണ്ട്. ഇങ്ങനെ ആകെ 16 കോടി രൂപയാണ് റബ്ബർ സംഭരണത്തിനായി കൃഷി വകുപ്പിൽ നിന്നും നൽകിയിട്ടുള്ളത്. |

**സെക്ഷൻ ഓഫീസർ**